LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണം, ഗുണഭോക്താക്കളുടെ എണ്ണം, വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം എന്നിവ താലൂക്ക് തിരിച്ച് താഴെ ചേർക്കുന്നു:

താലൂക്ക്	അപേക്ഷകളുടെ എണ്ണം	തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം	വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം
ഉടുമ്പൻചോല	637	476	476
ഇടുക്കി	672	457	457
തൊടുപുഴ	2475	2265	2265
പീരുമേട്	3458	2866	2866
ദേവികുളം	3253	2497	2497

(ബി) വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമിയാണ് പദ്ധതി പ്രകാരം അനുവദിച്ചുനൽകുന്നത്. അനുവദിച്ചുകഴിഞ്ഞ ഭൂമി വാസയോഗ്യമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ സത്വരമായ പരിഹാര നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

90 (2713) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നാളിതുവരെ എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ട് ;

(ബി) ദേവികുളം താലൂക്കിൽ ഭൂരഹിതർക്കായി നൽകിയ പട്ടയത്തിനായി ഭൂമി നൽകാനായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിവിധ വകുപ്പുകളുടേയും പഞ്ചായത്തുകളുടേയും അധീനതയിലുള്ള ഭൂപ്രദേശങ്ങളുടെ പട്ടയങ്ങൾ ഭൂരഹിതരായവർക്ക് നൽകാനിടയായത് അന്വേഷണ വിധേയമാക്കുമോ;

(ഡി) ഈ പ്രദേശത്ത് നടത്തിയ മെഗാപട്ടയമേളയ്ക്ക് എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ സംസ്ഥാനത്ത് നാളിതുവരെ 43437 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മറ്റ് വകുപ്പുകളുടെയോ പഞ്ചായത്തുകളുടെയോ അധീനതയിലുള്ള ഭൂമി പദ്ധതി പ്രകാരം നൽകിയിട്ടില്ല. എന്നാൽ ഇറിഗേഷൻ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമി പദ്ധതിക്കായി ഉപയോഗിക്കാമെന്ന് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചതിൻപ്രകാരം ഇത്തരം ഭൂമി ചില ജില്ലകളിൽ പദ്ധതിക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിവരം തിട്ടപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

91 (2714) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭ്യമാകുന്നതിന് അപേക്ഷ നൽകിയവരിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്രപേരുണ്ടെന്ന് അറിയിക്കുമോ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015". സംസ്ഥാനത്തെ ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം ഭൂമി പതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പ്രകാരം പതിച്ചു നൽകുന്നു. മറ്റ് പദ്ധതികളൊന്നും ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് ലഭ്യമായ അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly